(സി) ഇപ്പോൾ സർവ്വീസിലുള്ള ചില അറബിക് അദ്ധ്യാപകർ, തൊഴിലില്ലായ്മ കാരണത്താൽ ഞങ്ങളെ പിരിച്ചുവിടാൻ പാടില്ല എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുണ്ട്. ഇവരെ പിരിച്ചുവിടാതെ പുനഃപ്രവേശനത്തിന് കാത്തുനിൽക്കുന്ന അദ്ധ്യാപകരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കാൻ സാധിക്കുന്നില്ല. മേലിലുണ്ടാകുന്ന ഒഴിവുകളിൽ ഇവരെ നിയമിച്ചുകഴിഞ്ഞശേഷമേ പുതുതായി നിയമനം നടത്താൻ സാധിക്കുകയുള്ളൂ.

പാർട്ട് ടൈം ലക്ചറർമാരുടെ നിയമനം

1864 [2905] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ സ്ഥാനത്തെ കോളേജുകളിൽ പാർട്ട് ടൈം ലക്ചറർമാരെ നിയമിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണമെന്താണ്; ആഴ്ചയിൽ ഇവരുടെ ജോലിസമയം എത്രയാണ്;

(സി) ഏതെല്ലാം ഭാഷകൾക്കും വിഷയങ്ങൾക്കുമാണ് ഇത് ബാധകമായിട്ടുള്ളത്;

(ഡി) ഇതേ സമയത്തുതന്നെ മറ്റ് ചില ഭാഷകളും വിഷയങ്ങളും പഠിപ്പിക്കുന്നതിന് സ്ഥിരമായി ലക്ചറർമാരെ നിയമിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഇങ്ങനെയുള്ള വിവേചനത്തിന്റെ കാരണമെന്താണ്?

ഉത്തരം

(എ, ബി, സി) യൂണിവേഴ്സിറ്റി ഓർഡിനൻസ് അനുസരിച്ച് സിറിയക്, ലാറ്റിൻ, അറബി, മർക്കന്റയിൽ ലാ തുടങ്ങിയ വിഷയത്തിന്, ആഴ്ചയിൽ 12 മണിക്കൂറിൽ താഴെ മാത്രമേ പഠിപ്പിക്കേണ്ടതുള്ളുവെങ്കിൽ പാർട്ട് ടൈം ലക്ചറർമാരെ നിയമിക്കണം. അവരുടെ ജോലിസമയം ആഴ്ചയിൽ 12 മണിക്കൂറിൽ താഴെയാണ്.

(ഡി) ഉണ്ട്.

(ഇ) മറ്റു വിഷയങ്ങൾക്ക് ജോലിസമയം മിനിമത്തിനു താഴെയാണ്, എങ്കിലും പാർട്ട് ടൈം ലക്ചറർമാരെ നിയമിക്കണമെന്ന് യൂണിവേഴ്സിറ്റി ഓർഡിനൻസ് അനുശാസിക്കുന്നില്ല.

അവശകലാകാരൻമാർക്കുള്ള പെൻഷൻ

1865 [2906] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശകലാകാരൻമാർക്ക് ഇപ്പോൾ ഗവൺമെന്റ് പെൻഷൻ നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തൊട്ടാകെ എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എത്ര രൂപയാണ് പ്രതിമാസം അവശകലാകാരൻമാർക്ക് പെൻഷൻ നൽകുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനു വ്യത്യസ്തമായ തോതു നിലവിലുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്ത്;

(ഇ) പെൻഷൻ തുക വർദ്ധിപ്പിക്കാൻ ഗവൺമെൻറു് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ടു്.

(ബി) സംസ്ഥാന പദ്ധതിപ്രകാരം 1683 പേർക്കു ധനസഹായം അനുവദിച്ചിട്ടുണ്ടു്.

(സി) പ്രതിമാസം 100 രൂപ, 150 രൂപ എന്നീ പൊതുനിരക്കിലാണു ധനസഹായം നൽകുന്നതു്.

(ഡി) ഉണ്ടു്. കലയിലുള്ള പ്രാവീണ്യം കണക്കിലെടുത്തു് ഗ്രേഡു് തിരിച്ചാണു ധനസഹായം നൽകുന്നതു്.

(ഇ, എഫ്) പെൻഷൻ തുക വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള ഈ പദ്ധതിയെ സംബന്ധിച്ച വിവിധ പ്രശ്നങ്ങളും ചർച്ച ചെയ്തു തീരുമാനമെടുക്കുന്നതിനു് ഉന്നതാധികാരകമ്മിറ്റിയുടെ ഒരു യോഗം 10-12-1936-ൽ കൂടുന്നുണ്ടു്.

അവശകലാകാരൻമാരുടെ പെൻഷൻ തുകയിലുള്ള വ്യത്യാസം

1866 [2907] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 100 രൂ. വീതം എത്ര അവശകലാകാരൻമാർക്കു പെൻഷൻ നൽകുന്നുണ്ടു്;

(ബി) 150 രൂ. വീതം എത്ര പേർക്കു പെൻഷൻ കൊടുക്കുന്നുണ്ടു്;

(സി) ആലത്തൂർ താലൂക്കിൽ ആകെ എത്ര അവശകലാകാരൻമാർക്കു പെൻഷൻ കൊടുക്കുന്നുണ്ടു്?

ഉത്തരം

(എ) 948. (തൊള്ളായിരത്തി നാൽപ്പത്തിയെട്ടു്.)

(ബി) 735. (എഴുനൂറ്റി മുപ്പത്തിയഞ്ചു്.)

(സി) 10. (പത്തു്.)

സഹകരണ സംഘം സംരക്ഷണ സമിതിയുടെ നിവേദനം

1867 [2910] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ സംഘം സംരക്ഷണ സമിതിയുടെ നിവേദനം സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly